# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3044 13.07.2015-ൽ മറുപടിയ്ക്ക്

### <u>മാവോയിസ്റ്റ് പ്രവർത്തനങ്ങൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സി. പി. മുഹമ്മദ്<br>ശ്രീ ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ എം. എ. വാഹിദ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് മാവോയിസ്റ്റ് പ്രവർത്തനം ഉള്ളതായി കണ്ടെത്തിയിട്ടുള്ളത് ; | (എ) സംസ്ഥാനത്തെ കൊല്ലം, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് മാവോയിസ്റ്റ് പ്രവർത്തനം ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) തമിഴ് നാട്, കർണ്ണാടക അതിർത്തി കേന്ദ്രീകരിച്ച് പശ്ചിമഘട്ട മേഖയിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; | (ബി) തമിഴ് നാട്, കർണ്ണാടക അതിർത്തി കേന്ദ്രീകരിച്ച് പശ്ചിമഘട്ട മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ഉയർത്തിയിട്ടുണ്ടോ; | (സി) സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ഉയർത്താനുള്ള ശ്രമങ്ങൾ മാവോയിസ്റ്റുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് മാവോയിസ്റ്റുകൾ അവരുടെ സ്വാധീനം ഉറപ്പിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) മാവോയിസ്റ്റ് പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടു കൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള |

കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു ജാഗ്രത സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

സെക്ഷൻ ഓഫീസർ